മൂന്നാറിലെ വ്യാജ പട്ടയങ്ങൾ

8(*96) ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) മൂന്നാറിൽ ഭൂമി ഉള്ളവരെല്ലാം കയ്യേറിയതാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് യഥാർത്ഥമായി തലമുറകളായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കും പട്ടയം നൽകാത്ത സ്ഥിതിയുണ്ടോ;

(ഡി) ലഭിച്ച പട്ടയങ്ങൾ പോലും വ്യാജമെന്ന രീതിയിൽ നടപടി എടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മൂന്നാർ പ്രദേശത്തെ വൻകിട ഭൂമി കയ്യേറ്റക്കാരെ കണ്ടെത്തി ഭൂമി തിരിച്ചു പിടിക്കുന്നതിനും യഥാർത്ഥ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകി സംശയനിഴലിൽ നിന്നൊഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) മൂന്നാറിൽ കണ്ടെത്തിയ വ്യാജ പട്ടയങ്ങൾ സംബന്ധിച്ച് പോലീസ് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടന്നുവരുന്നതുമാണ്. മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനായി ആരംഭിച്ച മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്. സ്പെഷ്യൽ റവന്യൂ ഓഫീസറുടെ കീഴിൽ പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകൾ പരിഗണിക്കുന്നതിനായി ആരംഭിച്ച മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

(ബി) ഇല്ല.

(സി&ഡി)) ഉണ്ട്.

(ഇ) എല്ലാവിധ് ഭൂമി കയ്യേറ്റങ്ങളും കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും വേണ്ടി രൂപീകരിച്ച മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നു. കെ.ഡി.എച്ച്. വില്ലേജിൽ 1977-ലെ കെ.ഡി.എച്ച് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിവിന് അർഹരായ കർഷകർക്കും കർഷക തൊഴിലാളികൾക്കും പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു കൊണ്ടാണ് പട്ടയം അനുവദിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly